ഹയർ സെക്കണ്ടറി കാര്യാലയങ്ങൾ മുഖാന്തരം നൽകുന്ന സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി

45 (3768) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം നടപ്പിലാക്കിയപ്പോൾ ഹയർ സെക്കണ്ടറി മേഖലാ കാര്യാലയങ്ങൾ മുഖാന്തരം നൽകുന്ന കേവലം രണ്ട് സേവനങ്ങൾ മാത്രമാണ് ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത് എന്നതിന്റെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കാര്യാലയങ്ങൾ മുഖാന്തരം നടപ്പിലാക്കുന്ന ഇതര സേവനങ്ങൾ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ടവർ നൽകേണ്ടുന്നതിന്റെ സമയപരിധിയില്ലായ്മയിലാണോ ഇത്തരം നടപടി എന്ന് അറിയിക്കുമോ ;

(സി) അടിയന്തിരമായി ഈ കാര്യാലയത്തിന്റെ പരിധിയിൽപ്പെടുന്ന എല്ലാ സേവനങ്ങളും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അനുവദിച്ച അധിക ബാച്ചുകൾ

46 (3770) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷങ്ങളിലായി എത്ര സർക്കാർ സ്കൂളുകളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് അധിക ബാച്ചുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം പുതുതായി ബാച്ചുകൾ അനുവദിച്ച സർക്കാർ സ്കൂളുകളിൽ കൂടുതലായി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അധിക ബാച്ചുകളിലേക്ക് അദ്ധ്യാപകരെ നിയമിക്കാത്തതുമൂലമുള്ള പോരായ്മകൾ എപ്രകാരമാണ് പരിഹരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ താല്ക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ കുട്ടികളുടെ അദ്ധ്യയനം എപ്രകാരം നടക്കുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത സ്കൂളുകളിൽ അടിയന്തിരമായി അദ്ധ്യാപകരെ നിയമിക്കുന്നതിനോ അല്ലാത്തപക്ഷം മാന്യമായ വേതനം നൽകി താല്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 66

(ബി&സി) പുതുതായി അനുവദിച്ച ബാച്ചുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ സർക്കാർ നിഷ്കർഷിച്ച വ്യവസ്ഥകൾക്ക് വിധേയമായി നിയമിച്ചിട്ടുണ്ട്.

(ഡി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതുതായി അനുവദിച്ച അധിക ബാച്ചുകളിലെ ദിവസവേതന അടിസ്ഥാനത്തിലുള്ള അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് നൂ സർവ്വീസ് നടപടിക്രമം പാലിക്കുന്നതിനായി 2015-16-ലെ ആദ്യ ബാച്ച് എസ്.ഡി.ജി.-യിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ഇ) ഗവൺമെന്റ് നിഷ്കർഷിച്ച വ്യവസ്ഥകൾക്ക് വിധേയമായി ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ മരണപരമായ പൊരുത്തക്കേട്

47 (3771) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗം ഉള്ള സ്കൂളുകളിൽ ഒരേ സമയം രണ്ട് അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരായി പ്രിൻസിപ്പലും ഹെഡ്മാസ്റ്ററും ഒരു സ്ഥാപനത്തിന് ഉണ്ടാകുന്നതിലെ മരണപരമായ പൊരുത്തക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ടി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത വിഷയം സമയബന്ധിതമായി പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ചോദ്യം (എ)-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly